I ഇ.ബി. XIII – കേരള നിയമസഭ/II-8

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തരപ്രമേയം

### വൈദ്യുതി പ്രതിസന്ധി

മി. സ്പീക്കർ: ഒക്ടോബർ ഒന്ന് മുതൽ വൈദ്യുതി സർച്ചാർജ്ജും ഇടയ്ക്കിടെ ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തിയിരിക്കുന്നതിനാലും വ്യാപകമായി വൈദ്യുതി മുടക്കമുണ്ടാകുന്നതിനാലും വൈദ്യുത ഉപഭോക്താക്കൾ പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ ബാലൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുവാദപ്രകാരം 2011 ഒക്ടോബർ ഒന്ന് മുതൽ

സംസ്ഥാനത്ത് 120 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന വരിൽനിന്നും 25 പൈസ നിരക്കിൽ തെർമൽ സർച്ചാർജ്ജ് ഏർപ്പെടുത്തി യെങ്കിലും 81.8% ആളുകളെയും ഈ നടപടി ബാധിക്കുകയില്ല. 29-9-2011-നും 30-09-2011-നും പകൽ സമയത്ത് ഏർപ്പെടുത്തിയിരുന്ന ലോഡ് ഷെഡ്ഡിംഗ് ഒക്ടോബർ ഒന്ന് മുതൽ ഒഴിവാക്കിയിട്ടുണ്ട്. താൽച്ചർ, രാമഗുണ്ടം, നെയ്‌വേലി തുടങ്ങിയ നിലയങ്ങളിൽനിന്നും കേന്ദ്രപൂളിൽ ലഭിക്കേണ്ടിയി രുന്ന 1134.33 മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാനത്ത് 639.7 മെഗാവാട്ട് മാത്രം ലഭിച്ചതുകൊണ്ടുണ്ടായ കമ്മിയും ശബരിഗിരിയിലെ നാല് മെഷീനുകളുടെ പ്രവർത്തനം നിലച്ചതുമൂലമുണ്ടായ 225 മെഗാവാട്ടിന്റെ നഷ്ടവും മൂലമറ്റത്തെ പൊട്ടിത്തെറിയുടെ ഫലമായുണ്ടായ മെഷീനുകളുടെ പ്രവർത്ത നത്തകരാറുമാണ് വൈദ്യുതി പ്രതിസന്ധിക്ക് കാരണമായത്. ഈ പ്രതി സന്ധി വേണ്ടവിധത്തിൽ കൈകാര്യം ചെയ്യാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. പീക്ക് അവറിൽ മാത്രം ചില സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർണ്ണ മായി ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ. കെ. ബാലൻ : സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധിക ബാധ്യത നികത്താനെന്ന പേരിൽ 2011 ഒക്ടോബർ 1 മുതൽ ഏർപ്പെടുത്തിയ വൈദ്യുതി സർച്ചാർജ്ജ്, പീക്ക് ലോഡ് സമയത്തുള്ള അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ്, അപ്രഖ്യാപിത പവർ കട്ട്, വ്യാപകമായ വൈദ്യുതി തടസ്സം തുടങ്ങിയവമൂലം ജനങ്ങൾ ദുരിതമനുഭവിക്കുകയാണ്. 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള അധികബാധ്യത 150 കോടി രൂപയാണെന്നും ഈ വർഷാവസാനമാകുമ്പോൾ ബോർഡിന് 22.12 കോടി രൂപയുടെ ലാഭവും

887.81 കോടി രൂപയുടെ റവന്യൂ ഗ്യാപ്പും ഉണ്ടാകുമെന്ന് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ള സാഹചര്യത്തിൽ സർച്ചാർജ്ജ് ഏർപ്പെടുത്തേണ്ട യാതൊരു ആവശ്യവുമില്ല. റവന്യൂ ഗ്യാപ്പ് ഉണ്ടെങ്കിൽ അത് നികത്തേണ്ട ബാധ്യത സംസ്ഥാന ഗവൺമെന്റിനാണ്. 24 ഹൈഡൽ പദ്ധതികളിൽനിന്നായി 1629 മെഗാവാട്ടും താപവൈദ്യുതി നിലയങ്ങളിൽനിന്ന് 149.28 മെഗാവാട്ടും ബോർഡിന്റെ നിയന്ത്രണത്തിലുള്ള കഞ്ചിക്കോട് കാറ്റാടി നിലയത്തിൽനിന്നും 2 മെഗാവാട്ടും കേന്ദ്ര വിഹിതമായി 577.49 മെഗാവാട്ടുമടക്കം മൊത്തം 2358 മെഗാവാട്ട് വൈദ്യുതി കൈവശമുള്ളപ്പോൾ പകൽ സമയത്ത് ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. പീക്ക്ലോഡ് സമയത്ത് ഉൽപ്പാദനം കുറച്ച് കുറഞ്ഞവിലയിൽ പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിനുപകരം പരമാവധി വൈദ്യുതി ഉല്പാദിപ്പിച്ച് വിറ്റതുകാരണം ഇപ്പോൾ 14 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വേനൽക്കാലത്ത് 22 മില്യൺ യൂണിറ്റിൽ കൂടുതൽ ഉൽപാദിപ്പിക്കാൻ കഴിയാത്തതിനാൽ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്താൻ ഗവൺമെന്റ് നിർബന്ധിതമാകുകയാണ്. എൽ. ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1180 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉത്പാദിപ്പിക്കുകയും പവർ കട്ടും ലോഡ് ഷെഡ്ഡിംഗും ഇല്ലാതാക്കുകയും 85 നിയോജകമണ്ഡലങ്ങളെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുകയുമുണ്ടായി. ആസൂത്രണത്തിന്റെ പോരായ്മ കാരണം പ്രതിസന്ധിയിലായിരിക്കുന്ന സംസ്ഥാനത്തെ വൈദ്യുത രംഗത്തെക്കുറിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): തെർമൽ സർച്ചാർജ് ഏർപ്പെടുത്തണമെന്ന് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനോടാവശ്യപ്പെട്ടത്

മുൻ ഗവൺമെന്റാണ്. വൈദ്യുതി ഉത്പാദനം ലാഭകരമല്ലാതാകുകയും റവന്യൂ ഗ്യാപ് ഉണ്ടാവുകയും ചെയ്യുമ്പോഴാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ സർച്ചാർജ്ജ് ഈടാക്കാൻ അനുമതി നൽകുന്നത്. 120 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കളെ സർചാർജ്ജിൽ നിന്നും ഒഴിവാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പകൽസമയങ്ങളിൽ പ്രവർത്തിക്കാത്ത ലോവർ പെരിയാർ പവർപ്ലാന്റ് ഉൾപ്പെടെയുള്ള പദ്ധതികളുടെ കണക്കുകളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം കഴിഞ്ഞ വർഷത്തെക്കാൾ 25 ശതമാനത്തോളം കൂടുതലാണ്. കേന്ദ്രത്തിൽ നിന്നും വൈദ്യുതി ലഭിക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. ആന്ധ്ര, തമിഴ്നാട്, കർണ്ണാടക, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്ക് നൽകുന്നതിനെക്കാൾ കൂടുതൽ വൈദ്യുതി കേരളത്തിന് ലഭിക്കുന്നുണ്ട്. പകൽസമയങ്ങളിലെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനും രാത്രിയിലെ അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ആരാധനാലയങ്ങൾ, ആശുപത്രികൾ, ജലസേചന പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൾപ്രദേശങ്ങളിൽ ഏതാനും ദിവസങ്ങൾ കൂടി ലോഡ് ഷെഡ്ഡിംഗ് ഉണ്ടാകും. എവിടെ നിന്നായാലും വൈദ്യുതി വിലകൊടുത്ത് വാങ്ങി കേരളത്തിലെ ജനങ്ങളെ സഹായിക്കും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തി

യശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധക്ഷണിക്കൽ**

**(1) ഈദ്-ഉൽ-ഫിത്തർ, ബലിപെരുന്നാൾ ആഘോഷങ്ങളോടനുബന്ധിച്ചുള്ള അവധി**

ശ്രീ. എം. ഉമ്മർ: ഈദ്-ഉൽ-ഫിത്തർ, ബലിപെരുന്നാൾ എന്നീ ആഘോഷങ്ങൾക്ക് പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ചന്ദ്രമാസപ്പിറവിയും ചന്ദ്രദർശനവും കണക്കാക്കി ആചരിക്കുന്നവയായതുകൊണ്ട് മുസ്ലീം വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് നിയന്ത്രിത അവധി എടുക്കേണ്ടതായി വരുന്നു. ചെറിയ പെരുന്നാൾ, വലിയ പെരുന്നാൾ എന്നിവ തെക്കൻ കേരളത്തിൽ ഒരു ദിവസവും വടക്കൻ കേരളത്തിൽ മറ്റൊരു ദിവസവും ആഘോഷിക്കുന്നതിനാൽ ഒട്ടനവധി ആശയക്കുഴപ്പങ്ങളുണ്ടാകുകയും പരീക്ഷകൾ ഷെഡ്യൂൾ ചെയ്തതിനുശേഷം മാറ്റിവയ്ക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ പ്രൊഫഷണൽ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പെരുന്നാൾ ആഘോഷത്തോടനുബന്ധിച്ച് 3 ദിവസവും സർക്കാർ ഓഫീസുകൾക്ക് 2 ദിവസവും അവധി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചെറിയ പെരുന്നാളും വലിയ പെരുന്നാളും ചന്ദ്രമാസപ്പിറവിയുടെ അടിസ്ഥാനത്തിലും ചന്ദ്ര ദർശനത്തിനുശേഷവും ആഘോഷിക്കുന്നവയായതുകൊണ്ട് പൊതു അവധി ദിനങ്ങൾ നിശ്ചയിക്കപ്പെടുന്നതിൽ സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പിറ കാണുന്ന ദിവസം കണക്കാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുകയും സർക്കാർ

സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയന്ത്രിത അവധി നൽകുകയുമാണ് ചെയ്തുവരുന്നത്. ഈ വർഷത്തെ പെരുന്നാളിന് ആഗസ്റ്റ് 29, 30 തീയതികളിൽ പൊതു വിദ്യാഭ്യാസ കലണ്ടറിൽ അവധി നൽകിയിരുന്നെങ്കിലും ആഗസ്റ്റ് 31-ന് ചെറിയ പെരുന്നാൾ വന്നതുകൊണ്ട് ആ ദിവസം കോമ്പൻസേറ്ററി അവധിയായി കണക്കാക്കി ഉത്തരവായിട്ടുണ്ട്. ഈ വർഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചെറിയ പെരുന്നാളിന് 3 ദിവസത്തെ അവധിയും സർക്കാർ ജീവനക്കാർക്ക് ഒരു ദിവസം കലണ്ടർ അവധിയും ഒരു ദിവസം നിയന്ത്രിത അവധിയും ലഭ്യമായി. അവധി ദിവസങ്ങൾ കണക്കാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ മുമ്പിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് സുചിന്തിതമായ തീരുമാനം എടുക്കുന്നതാണ്.

## (2) <u>കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. പി. തിലോത്തമൻ</u>: ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതമാർഗ്ഗമായ കയർ വ്യവസായം ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. കയർ ഫാക്ടറി മേഖലയിൽ വ്യാപകമായ തൊഴിൽ സ്തംഭനം അനുഭവപ്പെടുന്നതുമൂലം ആലപ്പുഴ ജില്ലയിലേയും തീരപ്രദേശങ്ങളിലേയും ആയിരക്കണക്കിന് ആളുകൾ മറ്റ് തൊഴിൽ മേഖലകൾ കണ്ടെത്തുകയാണ്. ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും നിന്ന് ലക്ഷക്കണക്കിന് രൂപ വായ്പയെടുത്ത് തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ ചെറുകിട ഉൽപ്പാദകർ കടക്കെണിയിലാണ്. കയർ പിരി-കയർ ഫാക്ടറി മേഖലകളിൽ നൽകിവരുന്ന കുറഞ്ഞ വേതനത്തിന് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു പരിധിവരെ പരിഹാരം കണ്ടിരുന്നു. ഈ

സർക്കാർ തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചും മറ്റ് വിഷമതകളെക്കുറിച്ചും പല ചർച്ചകളും നടത്തി തീരുമാനം എടുത്തിരുന്നെങ്കിലും അതൊന്നും പ്രായോഗികമായിട്ടില്ല. ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകാതെ കയറ്റുമതിക്കാർ വിദേശ ഓർഡറുകൾ സ്വീകരിക്കുന്ന ഡിപ്പോ സമ്പ്രദായമാണ് ഇപ്പോൾ നിലനിൽക്കുന്നത്. കഴിഞ്ഞ ഗവണ്മെന്റ് ഡിപ്പോ സമ്പ്രദായം നിറുത്തലാക്കി നിശ്ചിത ശതമാനം ഓർഡറുകൾ കയറ്റു മതിക്കാരിൽനിന്നും കയർ കോർപ്പറേഷന് നൽകണമെന്ന വ്യവസ്ഥയിൽ ചെറുകിട ഉൽപാദകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചിരുന്നു. എന്നാൽ ഈ ഗവണ്മെന്റ് വന്നശേഷം കയർ കോർപ്പറേഷന്റെ ആ പ്രവർത്തനം മരവിച്ച നിലയിലാണ്. കയർ കോർപ്പറേഷനുപകരം ഫോം മാറ്റിംഗ്സിനെ ഈ ചുമതല ഏൽപ്പിക്കുന്ന തീരുമാനം ഗുണകരമല്ല. ഉൽപ്പന്നങ്ങൾക്ക് ന്യായ വിലയും തൊഴിലാളികൾക്ക് മിനിമം വേതനവും നിശ്ചയിക്കാതിരുന്നതിനാൽ കൊടിയ ചൂഷണമാണ് ഈ രംഗത്ത് നടക്കുന്നത്. ജില്ലാ സഹകരണ ബാങ്ക് 4 ശതമാനം പലിശയ്ക്ക് നൽകിയിരുന്ന വായ്പ ഇപ്പോൾ സംഘങ്ങൾക്ക് ലഭ്യമല്ലാത്തതിനാൽ കയർ സംഘങ്ങൾ തകർച്ച നേരിടുകയാണ്. ഉൽപ്പന്ന ങ്ങൾ കയർ ഫെഡിന് നൽകിയാൽ മാത്രം പി.എം.ഐ നൽകിയാൽ മതിയെന്ന വ്യവസ്ഥ കൊണ്ടുവന്നത് സംഘങ്ങളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമായ കയർ വ്യവസായം അന്യസംസ്ഥാനത്തേക്ക് പോകാതിരിക്കാനും കയർ വ്യവസായത്തെ ദേശീയ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കാനും പുന:സംഘടിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരി ക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കയർ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയായ ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സംഘങ്ങൾക്ക് മിനി ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായി നൽകുകയും പച്ചത്തൊണ്ട് സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനമൂലധനം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുകയും പരമാവധി ചകരി ഉൽപാദനം വർദ്ധിപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പച്ചത്തൊണ്ട് സംഭരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവണ്മെന്റിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. തൊണ്ട് സംഭരണത്തിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി കാര്യക്ഷമമാക്കാനും അന്യസംസ്ഥാനത്തുനിന്നും ചകിരി ശേഖരിക്കാനും കയർ ഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയതിന്റെ ഫലമായി ചകിരിയുടെ വില ഏകദേശം 620 രൂപയായി കുറയ്ക്കാൻ സാധിച്ചു. ഈ സാമ്പത്തിക വർഷം സബ്സിഡി സഹിതം ചകിരി സംഭരിക്കാൻ കയർ ഫെഡിന് 8,53,61,000 രൂപ അനുവദിച്ചു. വരുമാനം ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കൂലി 150 രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടി സജീവ പരിഗണനയിലാണ്. കയർ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകാനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഫാക്ടറി തൊഴിലാളികളുടെ കൂലി 250 രൂപയായി വർദ്ധിപ്പിക്കാനും ഉൽപ്പന്നവില പുതുക്കി നിശ്ചയിച്ചയിക്കാനും തീരുമാനിച്ചിട്ടുണ്ട്. 2011 ഏപ്രിൽ മുതൽ കയർ കോർപ്പറേഷൻ 28 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുകയും ഓണക്കാലത്ത് മൂന്നരക്കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ സംഭരിക്കുകയും ചെയ്തു. കയർ വ്യവസായം നില

നിറുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കയർത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനാവശ്യമായ വിപണന പദ്ധതികൾ നടപ്പിലാക്കാനുമാണ് ഗവണ്മെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്.

**സബ്മിഷൻ**

**(1) വർക്കല പോലീസ് സ്റ്റേഷൻ പരിസരത്ത് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

ശ്രീ. വർക്കല കഹാർ: വർക്കല പോലീസ് സ്റ്റേഷൻ പരിസരത്ത് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളെ സംബന്ധിച്ച് നടപടികളെടുക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ മാത്രം നിക്ഷിപ്തമായിരുന്നത് ഇപ്പോൾ സിറ്റി പോലീസ് കമ്മീഷണർക്കും പോലീസ് സൂപ്രണ്ടുമാർക്കുംകൂടി കൊടുത്തിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം പോലീസ് ഡിപ്പാർട്ടുമെന്റിലെ പ്രത്യേക വിഭാഗത്തിന് കൈമാറിയതിനാൽ നടപടിക്രമങ്ങൾ ത്വരിതഗതിയിലായിട്ടുണ്ട്. ഗവൺമെന്റിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി വർക്കലയിൽ 43 വാഹനങ്ങൾ പൊതുലേലം ചെയ്തുകൊടുത്തിട്ടുണ്ട്. ശേഷിക്കുന്ന വാഹനങ്ങളിൽ പറ്റുന്നവ തിരിച്ചുകൊടുക്കാനും അല്ലാത്തവ ലേലം ചെയ്യാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(2) ഫയർ സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. കെ. അജിത് : കോട്ടയം ജില്ലയിൽ വൈക്കം നിയോജകമണ്ഡലത്തിൽ ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തയ്യാറാക്കിയ പ്രയോറിറ്റി ലിസ്റ്റിൽ വൈക്കം 41-ാമതായിരുന്നു. നിലവിൽ 15 ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ വൈക്കവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ നിന്ന് സ്ഥലവും മറ്റ് സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് വൈക്കത്ത് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(3) ആറ്റുകാൽ വികസന പദ്ധതി നടപ്പാക്കൽ**

ശ്രീ. വി. ശിവൻകുട്ടി : ആറ്റുകാൽ വികസന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെയും അത്യാവശ്യം സ്റ്റാഫിനെയും ട്രിഡയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : ലക്ഷക്കണക്കിന് സ്ത്രീജനങ്ങൾ എത്തിച്ചേരുന്ന ആറ്റുകാലിന്റെ സവിശേഷത കണക്കിലെടുത്ത് ആറ്റുകാൽ വികസന പദ്ധതിക്ക് ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ചർച്ചചെയ്ത് തീരുമാനം എടുക്കുന്നതാണ്.

**(4) നെന്മാറയിൽ പുതിയ സബ് ട്രഷറി**

ശ്രീ. വി. ചെന്താമരാക്ഷൻ : പാലക്കാട് ജില്ലയിലെ നെന്മാറയിൽ പുതിയ സബ് ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നെന്മാറ ആസ്ഥാനമാക്കി സബ് ട്രഷറി തുടങ്ങുന്നതിനുള്ള ശുപാർശകളൊന്നും തന്നെ നിലവിലില്ല. പുതിയ സബ് ട്രഷറികൾ അനുവദിക്കുന്നതുസംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന്

നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾക്കനുസരിച്ച് നെന്മാറ യിൽ പുതിയ സബ് ട്രഷറി ആരംഭിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (5) കടവുകളിൽ നിന്നും മണൽ വാരുന്നതുസംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത് : പെരിയാർ നദിയുടെ നിലവിലുള്ള കടവു കൾക്ക് മണൽവാരുന്നതിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം പിൻവലി ക്കാനും പുതിയ കടവുകൾ അനുവദിച്ചുകൊണ്ടുള്ള സെസ്സിന്റെ റിപ്പോർട്ട് പുന:പരിശോധിക്കാനും നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മണൽ വാരൽ നിരോധനം ഏർപ്പെടുത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് പെരിയാറിലെ 43 കടവുകളിൽനിന്നും അനുദിനം 263 ലോഡ് മണൽ വാരുന്നതിന് അനുമതി ഉണ്ടായിരുന്നുവെങ്കിലും സെസ്സിന്റെ പുതിയ റിപ്പോർട്ട് പ്രകാരം 152 ലോഡ് മണൽ വാരുന്നതിന് മാത്രമേ അനുവദിച്ചിട്ടു ള്ളൂ. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമ ത്തിലെ 13(2) വകുപ്പ് പ്രകാരമാണ് 30-06-2011 മുതൽ ജില്ലയിൽ മണൽവാരൽ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. സെസ്സിന്റെ പുതിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

### (6) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് സംവിധാനം

ശ്രീ. പി.ടി.എ. റഹീം: കോഴിക്കോട് താലൂക്കിൽ പ്രവർത്തിച്ചുവരുന്ന കുന്ദമംഗലം സബ്താലൂക്ക് ഓഫീസിൽ ഒരു അഡീഷണൽ തഹസീൽ ദാരെ നിയമിച്ചുകൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനാവശ്യ മായ സംവിധാനം ഉണ്ടാക്കണം .

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 1996-ലെ കേരള പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ടനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് തഹസീൽദാരും ഇതര വിഭാഗങ്ങൾക്ക് വില്ലേജ് ഓഫീസറുമാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. സംസ്ഥാനേതരാവശ്യങ്ങൾക്ക് എല്ലാ വിഭാഗങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് തഹസീൽദാർ ആണ്. തഹസീൽദാർ പദവിയിൽ താഴെയുള്ള ഒരു ഉദ്യോഗസ്ഥന് പ്രസ്തുത അധികാരം നൽകാൻ നിലിവിലുള്ള ഉത്തരവുപ്രകാരം കഴിയുകയില്ല.

## (7) ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. പി. സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തിക സൃഷ്ടിക്കാനും അശാസ്ത്രീയമായ നിർമ്മാണം കാരണം പ്രവർത്തനക്ഷമമല്ലാത്ത മോർച്ചറിയെക്കുറിച്ച് അന്വേഷിക്കാനും പേവാർഡുകളുൾപ്പെടെ സ്ഥാപിച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായി താല്ക്കാലികാടിസ്ഥാനത്തിൽ രണ്ട് പേരും മാന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒരാളും ഉൾപ്പെടെ മൂന്ന് ഡോക്ടർമാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഓർത്തോപീഡിയാക്, ദന്തൽ എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 140 കിടക്ക

കളുണ്ട്. സർജൻ, പീഡിയാട്രീഷ്യൻ, ജനറൽ മെഡിസിൻ എന്നീ തസ്തിക കളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള നഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റന്റർ ഗ്രേഡ്-1, ഗ്രേഡ്-2 തസ്തികകളിലേക്ക് ആശുപത്രി മാനേജുമെന്റ് കമ്മിറ്റി മുഖാന്തിരവും ഫാർമ സിസ്റ്റ്, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ്, എക്സ്റേ ടെക്നീഷ്യൻ എന്നി വരെ ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിച്ചും താല്ക്കാലികമായി നിയമി ച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ചുമെന്റിൽ മാറ്റപ്പെട്ട രണ്ട് ഡോക്ടർമാർ വർക്കിംഗ് അറേഞ്ചുമെന്റ് ക്യാൻസൽ ചെയ്തിട്ടും ഡ്യൂട്ടിയിൽ പ്രവേശിക്കാ ത്തത് സംബന്ധിച്ച് അന്വേഷണം നടത്താനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

## (8) പാവപ്പെട്ട രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ

ശ്രീ. പി. ബി. അബ്ദുൾ റസാക്: ഹൃദയം, ക്യാൻസർ, കിഡ്നി സംബന്ധമായ മാരക രോഗങ്ങളുടെ ചികിത്സയ്ക്കും എൻഡോസൾഫാൻ രോഗചികിത്സയ്ക്കും കാസർകോട് ജില്ലയിലുള്ളവർ മംഗലാപുരം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ആശ്രയിക്കുന്നതിനാൽ കാസർകോട് ജില്ല യിൽ നടപ്പാക്കിയിട്ടുള്ള പ്രത്യേക പദ്ധതി പ്രകാരമുള്ള വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി മംഗലാപുരത്തെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി കളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ഉത്തരവ് നൽകാനുള്ള നടപടി സ്വീകരിക്ക ണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എൻഡോ സൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക പദ്ധതി പ്രകാരമുള്ള വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ പ്രധാനപ്പെട്ട എല്ലാ സർക്കാർ - സ്വകാര്യ ആശുപ ത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മൊബൈൽ ക്ലിനിക്കുകളും സൗജന്യ ആംബുലൻസ് സർവ്വീസും കാർഡുകൾ മുഖാന്തിരം സൗജന്യ

ചികിത്സയും നല്കിവരുന്നു. കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിലും വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യങ്ങളും ആശുപത്രിയിലേക്കും തിരിച്ചും സൗജന്യ യാത്രാസൗകര്യവും നല്കുന്നുണ്ട്. കാസർകോടിനടുത്തുള്ള മംഗലാപുരത്തെ ഏലപ്പായ മെഡിക്കൽ കോളേജിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മുഖ്യമന്ത്രിയുടെ 'മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായവും ചിസ് പ്ലസ് പദ്ധതി പ്രകാരം കാർഡുള്ളവർക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായവും നല്കുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുപോയി നടത്തുന്ന ചികിത്സകൾക്ക് സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

**(9)<u>ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ</u>**

<u>ശ്രീ. സി. കെ. നാണു:</u> വടകരയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബറിലെ മണൽ അടിയന്തരമായി മാറ്റുന്നതിനും ബോട്ട് ജെട്ടി, മലിനീകരണ പ്ലാന്റ്, വാട്ടർടാങ്ക്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനും നാഷണൽ ഹൈവേയും ഹാർബറുമായി ബന്ധിപ്പിക്കുന്ന റോഡും ഹാർബറിന്റെ സമീപ പ്രദേശങ്ങളിലുള്ള റോഡുകളും അടിയന്തരമായി നന്നാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്):</u> ചോമ്പാൽ തുറമുഖത്തിന്റെ ബേസിനിലും ചാനലിലുമുള്ള മണ്ണ് നീക്കാൻ നിർദ്ദേശം കൊടുത്തതിനുപുറമേ 4.15 കോടി രൂപയുടെ ഒരു

പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിന് സമർപ്പിച്ചിരിക്കുകയാണ്. തുറമുഖത്തിന്റെ ലേലപ്പുരയോടനുബന്ധിച്ച് മലിനജലം ഒഴുക്കിക്കളയുന്നതിനും മലിനീകരണ പ്ലാന്റ്, വാട്ടർ ടാങ്ക്, മതിൽ തുടങ്ങിയവ നിർമ്മിക്കുന്നതിനും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിൽനിന്നും അനുമതി ലഭിച്ച 3.36 കോടി രൂപയുടെ ഒരു പദ്ധതിക്ക് ഉടൻ ടെൻഡർ വിളിക്കുന്നതാണ്. ഹാർബറിലേക്കുള്ള അപ്രോച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. സമീപ പ്രദേശങ്ങളിലെയും ഹാർബറിലേക്കുള്ള പ്രധാന റോഡുകളുടെയും അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്.

**(10) <u>വി.കെ. കൃഷ്ണമേനോൻ കോളേജിൽ പുതിയ കോഴ്സുകൾ</u>**

<u>ശ്രീ. കെ. എം. ഷാജി:</u> മലബാറിലെ വി.കെ കൃഷ്ണമേനോൻ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്റ്റേഡിയം പണിയുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u> മലബാറിലെ വി. കെ. കൃഷ്ണമേനോൻ കോളേജിൽ നിലവിലുള്ള കോഴ്സുകൾക്കുപുറമേ ബി.എസ്.സി. കംപ്യൂട്ടർ സയൻസ്, ബി.കോം വിത്ത് കോ-ഓപ്പറേഷൻ, എം.എ. ഡെവലപ്മെന്റ് ഇക്കണോമിക്സ്, എം.എസ്.സി കംപ്യൂട്ടർ സയൻസ്, എം.സി.എ. എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് 13 -09-2010-ൽ സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച് നയപരമായ തീരുമാനം എടുത്ത ശേഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എഴുപത് ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു ഇൻഡോർ

സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് നാൽപത് ലക്ഷം രൂപ യു.ജി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി മുപ്പത് ലക്ഷം രൂപ കൂടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി അനുവദിക്കണമെന്ന് കോളേജിലെ അദ്ധ്യാപക-രക്ഷകർതൃ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത വർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (1012,26,18,000 രൂപ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം (4272,39,29,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): പൊതുമരാമത്ത് എന്ന XV- ാം നമ്പർ ധനാഭ്യർത്ഥനയേയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ സി. കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കോടിയേരി ബാലകൃഷ്ണൻ, ഇ.പി. ജയരാജൻ, കെ.കെ. ജയചന്ദ്രൻ, ജെയിംസ് മാത്യു, കെ.ടി. ജലീൽ, പി.കെ. ഗുരുദാസൻ, എളമരം കരീം, ബി. ഡി. ദേവസ്സി, കെ. ദാസൻ, വി. ചെന്താമരാക്ഷൻ, സി. ദിവാകരൻ, വി.എസ്. സുനിൽ കുമാർ, മുല്ലക്കര രത്നാകരൻ, വി. ശശി, ചിറ്റയം ഗോപകുമാർ, കെ. അജിത്, പി. തിലോത്തമൻ, കെ. രാജു, ഇ.കെ. വിജയൻ, എ.കെ. ശശീന്ദ്രൻ, എ.എ. അസീസ്, മാത്യു റ്റി. തോമസ്, സാജുപോൾ, സി.കെ. സദാശിവൻ, ആർ. രാജേഷ്, പി.റ്റി.എ. റഹീം, കെ.രാധാകൃഷ്ണൻ, പുരുഷൻ കടലുണ്ടി, കെ.കെ. നാരായണൻ, കെ.വി. അബ്ദുൾ ഖാദർ, കെ.വി. വിജയദാസ്, ജി.സുധാകരൻ, പി. ശ്രീരാമകൃഷ്ണൻ, വി. ശിവൻകുട്ടി, ആർ. സെൽവരാജ്, ബി. സത്യൻ, എ. പ്രദീപ്കുമാർ, കെ. കുഞ്ഞമ്മത് മാസ്റ്റർ, ജോസ് തെറ്റയിൽ, എം.എ. ബേബി, പ്രൊഫ. സി. രവീന്ദ്രനാഥ്, ഡോ.ടി.എം. തോമസ് ഐസക്, എം. ചന്ദ്രൻ, ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ.എസ്. സലീഖ, കെ.കെ. ലതിക, ഗീതാ ഗോപി, ഇ.എസ്. ബിജിമോൾ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ.ടി. ജലീൽ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ നൂറുദിന പരിപാടി തികഞ്ഞ പരാജയമാണ്. അതിവേഗം ബഹുദൂരം എന്ന

മുദ്രാവാക്യം വിദ്യാഭ്യാസ രംഗത്ത് ഫലവത്തായിട്ടില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമിച്ച കെ.ഇ.ആർ. പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടില്ല. 28 മുസ്ലീം കുട്ടികളുണ്ടെങ്കിൽ മാത്രമേ ഒരു സ്ഥിരം അറബി അദ്ധ്യാപക പോസ്റ്റ് ഉണ്ടാക്കാൻ കഴിയൂ എന്ന നിയമം ഭേദഗതി ചെയ്ത് മറ്റ് സമുദായങ്ങളിലെ കുട്ടികൾക്കും അറബി പഠിക്കാനുള്ള അവസരം സൃഷ്ടിക്കണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കൂടുതൽ അദ്ധ്യാപകരെ നിയമിച്ച് ഹയർ സെക്കണ്ടറി മേഖലയിൽ അക്കാഡമിക് നിലവാരം ഉയർത്തണം. പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് പ്ലസ് വൺ, പ്ലസ് ടു സംവിധാനം ഏർപ്പെടുത്തിയതിൽ ഉദ്ദേശിച്ച ഫലം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണം. കായിക മേഖലയ്ക്ക് സംഭവിച്ച നഷ്ടം നികത്തി ഹയർ സെക്കണ്ടറി മേഖലയിൽ കായികാദ്ധ്യാപകരെ നിയമിക്കാനും ഗ്രൗണ്ട് സൗകര്യമൊരുക്കാനും സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾക്ക് കെട്ടിടം നിർമ്മിച്ചുകൊടുക്കാനും നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ മാനേജ്മെന്റുകൾക്ക് അമിതലാഭം ഉണ്ടാക്കാനുതകുന്ന കരാറിലാണ് ഏർപ്പെട്ടിട്ടുള്ളത്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ നേടിയിട്ടുള്ളവർക്ക് എന്തെങ്കിലും കാരണത്താൽ പഠനം അവസാനിപ്പിക്കേണ്ടിവന്നാൽ മുഴുവൻ ഫീസും ഈടാക്കിയതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂവെന്ന വ്യവസ്ഥ പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സഗൗരവം ആലോചിക്കണം. നിലവിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അടി

സ്ഥാന സൗകര്യങ്ങളെക്കുറിച്ചും അധ്യാപകരുടെ യോഗ്യതകളെക്കുറിച്ചും പരിശോധിക്കണം. തകഴിയുടെ ഭാര്യ കാത്തയുടെ മരണാനന്തര ചടങ്ങുകൾക്കുള്ള ചെലവ് വഹിക്കാതിരുന്നതിനെക്കുറിച്ച് അന്വേഷിക്കണം.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വടക്കൻ മലബാറിലെ റോഡുകളുടെയും പാലങ്ങളുടെയും അപകടാവസ്ഥയ്ക്ക് പരിഹാരം കാണണം. യാത്രാക്ളേശം പരിഹരിക്കുന്നതിനായി നാലുവരിപാത നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ റോഡ് വികസന പദ്ധതികൾ എത്രയുംവേഗം പ്രാവർത്തികമാക്കണം. പാമോയിലും പെട്രോളിയം ഉൽപ്പന്നങ്ങളും കയറ്റിവരുന്ന ടാങ്കർ ലോറികളും ട്രക്കുകളും കൊച്ചിയിൽ കപ്പൽ വഴി ഇറക്കാൻ തീരുമാനിച്ചാൽ മലബാറിലെ തലപ്പാടി മുതൽ കോഴിക്കോട് വളപട്ടണം വരെയുള്ള പ്രദേശത്തുള്ള റോഡുകളെ തകർച്ചയിൽനിന്ന് രക്ഷിക്കാനും ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാനും അപകടങ്ങളൊഴിവാക്കാനും സാധിക്കും. കൊച്ചിയിലോ കോഴിക്കോട്ടോ ഉള്ള റെയിൽവേ സ്റ്റേഷനുകളിൽ ടാങ്കർ ലോറികൾ ഇറക്കാനുള്ള സൗകര്യമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. രാഷ്ട്രീയ സമവായത്തോടെ നാലുവരി പാതയുണ്ടാക്കി മലബാറിലെ റോഡ് വികസനം സാധ്യമാക്കണം. നാഷണൽ ഹൈവേയിലുള്ള കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കണം. അഞ്ച് വർഷത്തെ ഗ്യാരന്റിയോടുകൂടിയ നിലവാരമുള്ള റോഡുകൾ നിർമ്മിക്കാനും പെയ്ഡ് ട്രാഫിക് സമ്പ്രദായം ആരംഭിച്ച് വരുമാനമുണ്ടാക്കാനും വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കാനുള്ള ക്യാമറകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി.യും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുമായി

സഹകരിച്ച് ടാറിട്ട റോഡും കെട്ടിങ്ങളും തമ്മിലുള്ള അകലം ഇന്റർലോക്ക് ചെയ്ത് പാർക്കിംഗിനുൾപ്പെടെ ഉപയോഗപ്പെടുത്താനും നഗരത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. റോഡ് വികസനത്തിനാവശ്യമായ വിഭവ സമാഹരണം നടത്താനും കേന്ദ്ര ഫണ്ട് ഇതിനായി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വളപട്ടണം-ഷൊർണ്ണൂർ റീച്ചിന്റെ പണി എത്രയും വേഗം ആരംഭിക്കുകയും മൊയ്തു പാലത്തിന്റെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണുകയും ചെയ്യണം.

<u>ശ്രീ. കെ. അജിത്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാഷണൽ ഹൈവേ ഉൾപ്പെടെ സംസ്ഥാനത്തെ ചെറുതും വലുതുമായ എല്ലാ റോഡുകളും തകർന്നു തരിപ്പണമായി കിടക്കുകയാണ്. കഴിഞ്ഞ ആറുമാസക്കാലത്തിനിടയിൽ റോഡപകടങ്ങളിൽപ്പെട്ട് നിരവധി ജീവനുകളാണ് നഷ്ടമായത്. അശാസ്ത്രീയ രീതിയിലുള്ള റോഡ് നിർമ്മാണവും കരാറുകാരുമായുള്ള വഴിവിട്ട ബന്ധങ്ങളുമാണ് റോഡുകളുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്ക് കാരണം. കേന്ദ്ര ഗവൺമെന്റ് റോഡ് നികുതിയിനത്തിൽ കേരളത്തിൽ നിന്നും പിരിച്ചെടുക്കുന്ന തുകയുടെ വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മഴക്കാലത്തും നിലനിൽക്കുന്ന വിധത്തിൽ ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് ആലോചിക്കണം. ജില്ലാതല റിവ്യൂ കമ്മിറ്റി വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കണം. അമിതഭാരം വഹിക്കുന്ന വണ്ടികളുടെ സഞ്ചാരവും ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നതും നിയന്ത്രിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബാങ്ക് വായ്പ ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. പുതിയ തലമുറയിൽ വായനാശീലം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

കലാ-സാംസ്ക്കാരിക രംഗങ്ങളിൽ എടുത്തുപറയത്തക്ക നേട്ടങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: ധനഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ച ചലനാത്മകമായ ഒരു ഗവൺമെന്റാണിത്. കേരളത്തിലെ റോഡുകളുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. അപകട മേഖലയായ വട്ടപ്പാറയിൽ 22 കോടി രൂപ ചെലവഴിച്ച് ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കാനുള്ള ഗവൺമെന്റ് തീരുമാനം സ്വാഗതാർഹമാണ്. അദ്ധ്യാപകരുടെ തടഞ്ഞുവയ്ക്കപ്പെട്ട ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ ഐക്യജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞു. വിദ്യാഭ്യാസത്തെ രാഷ്ട്രീയവൽക്കരണത്തിൽനിന്ന് വിമുക്തമാക്കുന്നതിനും അധാർമ്മികതയിൽ നിന്ന് യുവജനങ്ങളെ രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. പാരമ്പര്യത്തെയും ചരിത്രത്തേയും നശിപ്പിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ വളർച്ചയ്ക്ക് തടയിടണം. മലയാളഭാഷയ്ക്ക് പ്രാധാന്യം നൽകാനുള്ള നടപടികൾ അഭിനന്ദനാർഹമാണ്. ബാലപീഡനങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തണം.

ശ്രീ. റ്റി.യു. കുരുവിള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരങ്ങളായ തീരുമാനങ്ങളുമായി മുന്നോട്ടുപോകുന്ന ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കഴിഞ്ഞ ഗവൺമെന്റ് പി.ഡബ്ള്യൂ.ഡി.ക്ക് വേണ്ടി നീക്കിവച്ചതിനേക്കാൾ കൂടുതൽ തുക ഈ ഗവൺമെന്റ് വകയിരുത്തിയത് സ്വാഗതാർഹമാണ്. വാഹനങ്ങളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് റോഡുവികസനത്തിന് പ്രാധാന്യം നൽകണം. അഖിലേന്ത്യാതലത്തിലുള്ള വികസനത്തിനാനുപാതികമായി കേരളത്തിൽ റോഡ് വികസനം നടന്നിട്ടില്ല എന്നത് ഖേദകരമാ

ണ്. സർക്കാർ ഏറ്റെടുത്ത ഗ്രാമീണ റോഡ് ഉൾപ്പെടെയുള്ള 28,570 കിലോമീറ്റർ റോഡിന്റെ പണി ബി.എം.ആന്റ് ബി.സി. വഴി 5 വർഷംകൊണ്ട് നടപ്പിലാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. 5 വർഷം ഗ്യാരന്റി പീരിയഡ് നൽകി കോൺട്രാക്ട് അടിസ്ഥാനത്തിൽ റോഡ് പണി തീർക്കാൻ പി.ഡബ്ല്യു.ഡി നടപടി സ്വീകരിക്കണം. കോതമംഗലത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്റ്റേഡിയത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ പണിയുന്നതിന് ഫണ്ട് അനുവദിക്കണം. സ്പോർട്സ് രംഗത്ത് സ്കൂളുകൾക്ക് നൽകുന്ന ഗ്രാന്റുകളും ഒന്നാം സ്ഥാനത്തെത്തുന്ന സ്കൂളുകൾക്ക് നൽകുന്ന പ്രൈസ് മണിയും വർദ്ധിപ്പിക്കണം. വിദ്യാഭ്യാസ മേഖലയിൽ 1503 അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയ നടപടി ശ്രദ്ധേയമാണ്. ടൗണിലുള്ള സി.ബി.എസ്.ഇ. സ്കൂളുകൾക്ക് മൂന്ന് ഏക്കർ സ്ഥലമുണ്ടായിരിക്കണമെന്ന നിബന്ധനയും എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സി.ബി.എസ്.ഇ. സ്കൂൾ അദ്ധ്യാപകർക്കും നൽകണമെന്ന വ്യവസ്ഥയും ഒഴിവാക്കണം.

ശ്രീ. എ.എ. അസീസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി അതീവ ഗുരുതരമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടെൻഡർ വ്യവസ്ഥ പാലിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കണം. ടെൻഡർ നടപടിക്രമങ്ങളിൽ പി.ക്യൂ, സി.ടി.ഇ. പരിശോധനകളും ടെൻഡർ കമ്മിറ്റി കൂടി നോംസിന് വിരുദ്ധമായി തുക എക്സസ് നൽകുന്ന നടപടിയും ഒഴിവാക്കണം. പി.ഡബ്ല്യു.ഡി.യുടെ ടെൻഡർ മാന്വൽ പരിഷ്കരിക്കുകയും ഇ-ടെൻഡർ സംവിധാനം

നടപ്പിലാക്കുകയും ചെയ്യണം. എഗ്രിമെന്റിനുവിരുദ്ധമായി കാലാവധി നീട്ടിക്കൊടുക്കുന്ന രീതി അവസാനിപ്പിക്കണം. നിർമ്മാണോപകരണങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് രണ്ട് വർഷത്തിലൊരിക്കലാക്കണം. വിദ്യാഭ്യാസ മേഖലയെ വ്യവസായവൽക്കരിച്ച് പാവപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കുകയാണ് ഈ ഗവണ്മെന്റ് ചെയ്യുന്നത്. കൊല്ലം ജില്ല യിലെ മയ്യനാട് സി. കേശവൻ സ്മാരക മന്ദിരനിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനും ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയം നവീകരി ക്കുന്നതിനും നടപടി സ്വീകരിക്കണം

<u>ശ്രീ. ഹൈബി ഈഡൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും വർദ്ധിപ്പിച്ച് ഈ രംഗത്തെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. അക്കാഡ മിക് രംഗങ്ങളിൽ പ്രഗൽഭൻമാരെ ഉൾപ്പെടുത്തി കരിക്കുലം കമ്മിറ്റികൾ പരിഷ്ക്കരിക്കുകയും പാഠപുസ്തകങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കു കയും ചെയ്യണം. കേന്ദ്ര ഗവണ്മെന്റ് 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടി കൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് നടപ്പിലാക്കുകയും കുറഞ്ഞ വിലയ്ക്ക് ആകാശ് കംപ്യൂട്ടർ ലഭ്യമാക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് എസ്.എസ്.എൽ.സി. പരീക്ഷയിൽ കൃത്രിമ മായി വിജയശതമാനം വർദ്ധിപ്പിച്ചതിലൂടെ വിദ്യാഭ്യാസ നിലവാരം തകർത്തതിനെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടത്തണം. സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കുവേണ്ടി നൽകിയ തുക ദുർവിനിയോഗം ചെയ്യപ്പെടുകയും ചൈൽഡ് സെൻസസിന്റെ പേരിലും അംഗവൈകല്യമുള്ള

വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിലും കോടിക്കണക്കിന് രൂപയുടെ അഴിമതി നടക്കുകയും ചെയ്തിരുന്ന സ്ഥിതിയായിരുന്നു നിലനിന്നിരുന്നത്. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കണം. വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പൊതു-ഉന്നത വിദ്യാഭ്യാസ മേഖല പ്രത്യേകം പ്രത്യേകം മന്ത്രിമാരുടെ ചുമതലയിൽ കൊണ്ടുവരണം. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തപ്പെടണം. ഇടതുപക്ഷമുന്നണി ഗവണ്മെന്റ് സ്വാശ്രയ മേഖലയിൽ കൊണ്ടുവന്ന നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായും സംവരണ മാനദണ്ഡങ്ങൾ പാലിച്ചും ന്യായമായ ഫീസ് ഈടാക്കിക്കൊണ്ടും സ്വാശ്രയ വിദ്യാഭ്യാസ മേഖല പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് അഭിനന്ദനാർഹമാണ്. കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ ഗവൺമെന്റ് യഥാസമയം നടത്താതിരുന്നതിന്റെ തിക്തഫലമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുതീർക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് നല്ല റോഡുകൾ അനിവാര്യമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന എക്സ്പ്രസ്സ് ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് രാഷ്ട്രീയത്തിനതീതമായ

കൂട്ടായ്മ ഉണ്ടാകണം. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കണം. കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ റോഡുകളുണ്ടാക്കുകയും അതിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ശക്തമായ നിയമനിർമ്മാണം നടത്തുകയും ചെയ്യണം. പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 800 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തത് ഏറെ ശ്രദ്ധേയമാണ്. ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ റോഡ് നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സുരക്ഷിതമായ സൈക്കിൾ പാത കൂടി പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നത് നന്നായിരിക്കും. പൊതുമരാമത്ത് വകുപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കണം. കൊണ്ടോട്ടി ബൈപ്പാസ് വികസനത്തിന്റെ ഭാഗമായി വാവൂർ - ചെറിയപറമ്പ് - മുണ്ടയ്ക്കൽ - മുണ്ടക്കുളം റോഡ്, കാരാട് - മുളപ്പുറം - ചണ്ണയിൽപള്ളിയായി റോഡ് എന്നിവയ്ക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകണം. അഡീഷണൽ ബാച്ച് അനുവദിച്ചുവെങ്കിലും കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്ന ഹയർ സെക്കണ്ടറി സ്ക്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണം.

<u>ശ്രീ. ആർ. രാജേഷ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ വികസനത്തിനാവശ്യമായ കർമ്മ പരിപാടികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഇടതുപക്ഷ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികളെ സ്വന്തം പദ്ധതികളായി അവതരിപ്പിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ റോഡുകൾ മുഴുവൻ കുണ്ടുംകുഴിയുമായി മാറിയിരിക്കുന്നു. ജനങ്ങളെ ദ്രോഹിക്കുന്ന ടോൾ പിരിവ് അവസാനിപ്പിക്കണം. കലാകാരന്മാർക്ക് എൽ.

ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ ക്ഷേമപദ്ധതികൾ തുടരാൻ ഈ ഗവൺമെന്റ് തയ്യാറാകണം. വിദ്യാഭ്യാസ മേഖലയെ തച്ചുതകർത്ത് സ്വകാര്യ വൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളിൽനിന്നും ഉയർന്ന ഫീസാണ് ഈടാക്കുന്നത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ വരുത്തിയ മാറ്റം സ്കൂൾ മാനേജു മെന്റുകൾക്ക് അഴിമതി നടത്താനുള്ള സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. അക്കാദമിക് നിലവാരമില്ലാത്ത ഒരു പഞ്ചായത്ത് പ്രസിഡന്റിനെ സർവ്വകലാ ശാലാ വൈസ്ചാൻസലർ പദവിയിലേക്ക് നിയമിക്കാനുള്ള തീരുമാനം അപഹാസ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം സ്വീകരിച്ച നിലപാടുകളുടെ ഫലമായാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ രണ്ടു ലക്ഷ ത്തോളം വിദ്യാർത്ഥികളുടെ കുറവുണ്ടായത്. കാലിക്കട്ട് യൂണിവേഴ്സിറ്റി യിൽ എസ്3 വരെ പഠിച്ച വിദ്യാർത്ഥിക്ക് എസ്4 കണ്ടിന്യൂ ചെയ്യാതെ എസ്5-ൽ ഒരു ഗവൺമെന്റ് കോളേജിൽ പ്രവേശനം കൊടുത്തത് ഈ സർക്കാർ സ്വാശ്രയമേഖലയിൽ നടത്തുന്ന അഴിമതിയുടെ തെളിവാണ്. ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിച്ചും കറന്റ് ചാർജ്ജ് വർദ്ധിപ്പിച്ചും സമസ്ത മേഖലകളേയും തകർത്ത് തരിപ്പണമാക്കിയും മുന്നോട്ടു പോകുന്ന ഗവൺമെന്റാണിത്.

ശ്രീ. ഷാഫി പറമ്പിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 100 ദിവസംകൊണ്ട് വിദ്യാഭ്യാസ-വ്യാവസായിക മേഖലകളിൽ നേട്ടങ്ങളുണ്ടാ ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ

കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ മേഖലയിൽനിന്നും കൊഴിഞ്ഞുപോയതിന്റെ ഉത്തരവാദിത്വം കഴിഞ്ഞ ഗവൺമെന്റിനാണ്. ഈ ഗവൺമെന്റ് ചരിത്രത്തിലാദ്യമായി 10513 അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമന അംഗീകാരം കൊടുത്തു. കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പ്ലസ് ടു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എട്ട് ജില്ലകളിലായി 550 ബാച്ചുകൾ ആരംഭിക്കുന്നതിന് ഈ ഗവൺമെന്റിന് നടപടിയെടുക്കാൻ സാധിച്ചു. 1:30 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പ്രാവർത്തികമാക്കുന്നതിലൂടെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും താല്പര്യം സംരക്ഷിക്കുന്ന ഒരു ഗവൺമെന്റാണിതെന്ന് തെളിയിച്ചിരിക്കുകയാണ്. കേരളത്തിലെ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നതിന് മലയാള ഭാഷാ പഠനം നിർബന്ധമാക്കിയ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഒരു പതിറ്റാണ്ടിനുള്ളിൽ കേരളത്തിൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പരിശോധിക്കണം. സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി സ്വീകരിക്കണം. സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് പിൻതുണ നൽകുന്ന ഗവൺമെന്റാണിത്. ഗതാഗത നിയമങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. പാലക്കാട് ജില്ലയിൽ ഐ.ഐ.റ്റി. അനുവദിക്കുന്നതിനുള്ള നടപടിക്ക് വേഗത കൂട്ടണം. ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ സിലബസിനെ സംബന്ധിച്ച് ഗൗരവമായ പുനർവിചിന്തനം ഉണ്ടാകണം. ഗവൺമെന്റ് പ്രഖ്യാപിച്ച 'സംരംഭക മിഷൻ' കേരളത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക്

വ്യാപിപ്പിച്ചുകൊണ്ട് സംരംഭകരെ ക്യാമ്പസുകളിൽ നിന്നും കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തണം. അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്കായി പരാതി പരിഹാര സെൽ ആരംഭിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂറ് ദിന പരിപാടി തികഞ്ഞ പരാജയമാണ്. വാഹനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡുകളുടെ നവീകരണം സാധ്യമാക്കണം. ഡ്രെയിനേജ് സൗകര്യം കാര്യക്ഷമമാക്കണം. ശാസ്ത്രീയമായ രീതിയിൽ ടോൾ പിരിവ് നടത്തണം. 05-08-2011-ൽ കേരള കൗമുദി പത്രത്തിൽ സ്ഥാപനത്തിന്റെ പേര് വെളിപ്പെടുത്താതെ ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയതിനെക്കുറിച്ച് അന്വേഷണം നടത്തണം.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് കണ്ണൂർ ജില്ലയ്ക്കുവേണ്ടി നിർദ്ദേശിച്ചിരുന്ന പുതിയ ബൈപ്പാസുകളൊന്നും തന്നെ ഈ ഗവൺമെന്റിന്റെ പരിഗണനയിലില്ല എന്നത് ഖേദകരമാണ്. ദേശീയ പാതയുടേയും ബൈപ്പാസുകളുടേയും വികസനത്തിനായി ലാന്റ് അക്വിസിഷന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥന്മാരുടെ കാലാവധി നീട്ടിക്കൊടുക്കണം. ദേശീയപാത ഒഴികെ സംസ്ഥാനത്തിന്റെ കയ്യിലുള്ള 30,000 കിലോമീറ്റർ റോഡിന്റെ റിന്യൂവലിനായി 15 ലക്ഷം രൂപ വകയിരുത്തണം. റോഡുകൾ അടിയന്തരമായി ഗതാഗതയോഗ്യമാക്കി വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ ഒഴിവാക്കണം. മലബാർ പാക്കേജ് ഒഴിവാക്കിയ ഗവൺമെന്റിന്റെ നടപടി ഖേദകരമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്ന മുരടിപ്പ് അവസാനിപ്പിക്കാനും പുതിയ പരിഷ്ക്കാരങ്ങളേർപ്പെടുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തുനിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നതിന് ഉത്തരവാദി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. അധ്യാപക പാക്കേജ് നടപ്പിലാക്കിക്കൊണ്ട് 10,513 പുതിയ അധ്യാപകർക്ക് നിയമനം നൽകുകയും പ്രൈമറി തലത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആയും അതിനുമുകളിൽ 1:35 ആയും മാറ്റുകയും ചെയ്തത് വിദ്യാഭ്യാസ രംഗത്തെ ശ്രദ്ധേയമായ നേട്ടമാണ്. ടീച്ചേഴ്സ് ബാങ്ക് പ്രാവർത്തികമാക്കാനുള്ള തീരുമാനം 1700 അധ്യാപകർക്ക് തൊഴിൽ സംരക്ഷണം ലഭിക്കാനുതകുന്നതാണ്. പ്ലസ് ടു ബാച്ചുകൾ അധികമായി അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്. മലയാള ഭാഷാ പഠനം നിർബന്ധമാക്കുകയും മലയാള സർവ്വകലാശാല രൂപീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്ത നടപടി ശ്ലാഘനീയമാണ്. സി.ബി.എസ്.ഇ. സ്കൂളുകളുടെ പ്രവർത്തനത്തിൽ ഇടപെടാനുള്ള തീരുമാനവും റൈറ്റ് ടു എഡ്യുക്കേഷൻ ആക്ട് നടപ്പിലാക്കുമെന്ന ആശയവും ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് കാണിക്കുന്നത്. ആക്ട് പ്രാബല്യത്തിൽ വരുന്നതോടുകൂടി അറബിക്, ഉറുദു, സംസ്കൃതം തുടങ്ങിയ ഭാഷകൾകൂടി നിലനിറുത്താനുള്ള സംവിധാനം ഉണ്ടാകണം. മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആരംഭിക്കാനുദ്ദേശിക്കുന്ന 1000 കിലോമീറ്റർ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം ഈ രംഗത്ത് ഒരു നാഴികക്കല്ലായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾക്ക് വിധേയമായി റോഡ്

നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കണം. നാഷണൽ ഹൈവേയിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ബൈപ്പാസ് പദ്ധതി ആരംഭിക്കണം. സാംസ്ക്കാരിക സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം കായിക വികസനത്തിന് ഗ്രൗണ്ടുകളും സ്റ്റേഡിയങ്ങളും ധാരാളമായി നിർമ്മിക്കുന്നതിനും ശ്രദ്ധ ചെലുത്തണം.

ശ്രീ. ചിറ്റയം ഗോപകുമാർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത് വകുപ്പിൽ റോഡ് നിർമ്മാണത്തിനും ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റമുൾപ്പെടെയുള്ള കാര്യങ്ങളിലും നിലനിന്നിരുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ റോഡ് വികസന പാക്കേജിൽ അടൂർ മണ്ഡലത്തിൽ അനുവദിച്ച 765 കോടി രൂപയുടെ പദ്ധതിയും സ്റ്റേറ്റ് ഹൈവേ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച 1920 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പന്തളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ റോഡ് വികസനം പൂർത്തിയാക്കുന്നതിനും സീബ്രാലൈനുകളും സൂചനാ ബോർഡുകളുമില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്വാശ്രയ/സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ തലവരിപ്പണം വാങ്ങുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. കോർപ്പറേറ്റുകളെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരികയും സി.ബി.എസ്.ഇ. സ്കൂളുകൾക്ക് യഥേഷ്ടം ലൈസൻസ് കൊടുക്കുകയും ചെയ്യുന്നതിലൂടെ വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കുന്ന സമീപനം അവസാനിപ്പിക്കണം. സ്പോർട്സ് കൗൺസിൽ ജീവനക്കാരെ കൂട്ടമായി

പിരിച്ചുവിട്ടതിന്റെ ഫലമായി സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം നിലച്ചിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം.

ശ്രീ. പി.സി. വിഷ്ണുനാഥ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർവ്വകലാശാലകളുടെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷണം നടത്തണം. സമൂഹത്തിന് പ്രയോജനപ്രദമായ ഗവേഷണങ്ങൾ നടത്താൻ സർവ്വകലാശാലകളെ ഉപയോഗിക്കണം. വിദേശ വിദ്യാർത്ഥികളെ കേരളത്തിലെ സർവ്വകലാശാലകളിലേക്ക് ആകർഷിക്കുന്നതിനായി സെന്റർ ഫോർ ഇന്റർനാഷണൽ അക്കാഡമി തുടങ്ങുന്നതിനെപ്പറ്റി വിദ്യാഭ്യാസ വകുപ്പ് ആലോചിക്കണം. സ്പെഷ്യലൈസ്ഡ് യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതോടൊപ്പം മധ്യ തിരുവിതാംകൂർ കേന്ദ്രീകരിച്ച് ഒരു പുതിയ സർവ്വകലാശാല ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. അധ്യാപക-വിദ്യാർത്ഥി അനുപാതം പ്രൈമറി തലംവരെ 1:30-ഉം പ്രൈമറി തലത്തിനുമുകളിൽ 1:35-ഉം ആക്കി മാറ്റാനും കുട്ടികളുടെ തലയെണ്ണൽ തുടങ്ങി മറ്റു പല സമ്പ്രദായങ്ങളും അവസാനിപ്പിക്കാനും സർവ്വീസിലുള്ള മുഴുവൻ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ നൽകാനും വിദ്യാഭ്യാസവകുപ്പിന് സാധിച്ചു. സ്കൂളുകളിൽ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താനും വി.എച്ച്.എസ്.ഇ. കൂടുതൽ ആധുനികവൽക്കരിക്കാനും സാങ്കേതിക സർവ്വകലാശാല ആരംഭിക്കാനും നടപടി സ്വീകരിക്കണം. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ അധ്യാപകരുടെ യോഗ്യത സംബന്ധിച്ച് ധാരണയുണ്ടാക്കണം. മാനവിക വിഷയങ്ങളും ശുദ്ധ ശാസ്ത്രീയ വിഷയങ്ങളും പഠിക്കുന്നതിന് കുട്ടികൾക്ക് പി.എച്ച്.ഡി. വരെ സർക്കാർ സ്കോളർഷിപ്പ് നൽകണം. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുശ്ശേരി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി

പൂർത്തിയാക്കാനും ചെങ്ങന്നൂരിൽ അടിയന്തരമായി ബൈപ്പാസ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. പത്മശ്രീ ബഹുമതി അർഹതപ്പെട്ടവർക്കു തന്നെ നൽകാൻ നടപടിയുണ്ടാകണം.

**ക്രമപ്രശ്നം**

**ഗ്യാലറിയിൽ ഉദ്യോഗസ്ഥരുടെ അഭാവം**

ശ്രീ. രാജു എബ്രഹാം: വളരെ പ്രധാനപ്പെട്ട വിദ്യാഭ്യാസം, പൊതുമരാമത്ത് അടക്കമുള്ള വകുപ്പുകളിലേക്കുള്ള ബഡ്ജറ്റ് ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ വകുപ്പുകളുമായി ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരാരും സഭയിൽ ഹാജരായിട്ടില്ല. ഇത് കീഴ്വഴക്കത്തിന് വിരുദ്ധമാണ്. ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടാകണം.

**റൂളിംഗ്**

മി. സ്പീക്കർ: ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. എം. എ. ബേബി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കലാ-സംസ്ക്കാരിക വകുപ്പ് മൂന്നായി വിഭജിച്ചതിലൂടെ ഗവൺമെന്റിന്റെ വകുപ്പ് വിഭജനത്തിലുള്ള അശാസ്ത്രീയത വെളിവാക്കപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റ്/എയിഡഡ്/അൺ-എയിഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് 2011-ലെ പഠനങ്ങൾ വ്യക്തമാക്കുന്നത്. അൺ-എയിഡഡ്/സി.ബി.എസ്.ഇ. സ്കൂളുകളിൽ പഠിച്ചാൽ വിദ്യാർത്ഥികളുടെ ബുദ്ധിശക്തി കൂടുമെന്ന തെറ്റായ ധാരണ ജനങ്ങളുടെയിടയിൽ വ്യാപകമായിട്ടുണ്ട്. ഗവൺമെന്റ്/എയിഡഡ് സ്കൂളുകൾ സംരക്ഷിക്കാനും വിദ്യാഭ്യാസ നിലവാരം ഉയർത്താനുമുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മികച്ച പ്രവർത്തനം നടത്തുന്ന ഗവൺമെന്റ്/എയിഡഡ് സ്കൂളുകളെ

കണ്ടെത്തി അംഗീകാരം കൊടുക്കുന്ന ഹരിത വിദ്യാലയം എന്ന റിയാലിറ്റി ഷോയ്ക്ക് രൂപം കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ കണ്ടെത്തി അവയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനും പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിക്കണം. എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ പല പദ്ധതികളും യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളായിട്ടാണ് ഇപ്പോൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. സ്വാശ്രയമേഖലയെ കലുഷിതമാക്കിയ ഉത്തരവാദിത്വത്തിൽനിന്ന് യു.ഡി.എഫ്. സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ല. നിലവിലുള്ള സ്വാശ്രയ കരാറിലൂടെ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കാൻ സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് മാനേജുമെന്റുകൾക്ക് അനുവാദം നൽകിയതിനെക്കുറിച്ച് പരിശോധന നടത്തണം. കേന്ദ്ര സർക്കാരിന്റെ പുതിയ സാക്ഷരതാ നയപ്രകാരം കേരളത്തിൽ സാക്ഷരതാ പ്രവർത്തനത്തിനും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിനും കേന്ദ്രവിഹിതം ലഭ്യമാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മാനദണ്ഡങ്ങൾ തീരുമാനിക്കുമ്പോൾ കേരളത്തിന്റെ സവിശേഷതകൾ കൂടി കണക്കിലെടുക്കണമെന്ന നിവേദനം നൽകിയത് സ്വാഗതാർഹമാണ്. അദ്ധ്യാപക പാക്കേജ് നടപ്പാക്കാൻ കൈക്കൊണ്ട സമീപനത്തെ സ്വാഗതം ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നിധി എത്രയുംവേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരുന്ന ശ്രീ. റൂബിൻ ഡിക്രൂസിനെ അകാരണമായി പിരിച്ചുവിട്ട നടപടി സാംസ്കാരിക കേരളത്തിന് യോജിച്ചതല്ല.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>കുമാരി പി. കെ. ജയലക്ഷ്മി</u>): കേരളത്തിലെ

വിനോദസഞ്ചാര ഭൂപടത്തിൽ പ്രഥമ സ്ഥാനമാണ് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മൃഗശാലകൾക്കും മ്യൂസിയങ്ങൾക്കുമുള്ളത്. ഈ സാമ്പത്തിക വർഷം മൃഗശാലകളുടേയും മ്യൂസിയങ്ങളുടേയും നവീകരണത്തിനും ആധുനിക ദൃശ്യ വിതാനങ്ങളൊരുക്കുന്നതിനുമാണ് ഊന്നൽ നൽകുന്നത്. മ്യൂസിയം ക്യാമ്പസിലെ മുഴുവൻ വൈദ്യുതി ദീപങ്ങളും എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുകയും സാധ്യമായ സ്ഥലത്തെല്ലാം സൗരോർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നതുമാണ്. കെ.സി.എസ്. പണിക്കർ ഗ്യാലറി പുതുക്കിപ്പണിത് ആധുനിക ഡിസ്പ്ലേ ലൈറ്റുകൾ സ്ഥാപിക്കുന്നതും കുട്ടികളുടെ പാർക്ക് നവീകരിച്ച് ഒരു ആക്ടിവിറ്റീസ് സെന്റർ സ്ഥാപിക്കുന്നതുമാണ്. മൃഗശാലകളിലേയും മ്യൂസിയങ്ങളിലേയും ടിക്കറ്റ് നൽകുന്നതിന് ആട്ടോമാറ്റിക് ടിക്കറ്റ് മെഷീൻ സി-ഡിറ്റിന്റെ ചുമതലയിൽ സ്ഥാപിക്കുന്നതിനും ഈ വർഷം മ്യൂസിയം കോമ്പൗണ്ടിൽ 96 ലക്ഷം രൂപ ചെലവിൽ ഒരു ഹൈടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം മ്യൂസിയം, മൃഗശാല സന്ദർശകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്വതന്ത്ര സ്വഭാവമുള്ള ഒരു യുവജന വകുപ്പ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യം, കല, കായികം ഉൾപ്പെടെ തൊഴിൽപരവുമായ സാർവ്വത്രിക വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളോത്സവം, യുവശക്തി, യൂത്ത് ഫോറം, വനിതാ ക്ലബ്ബുകൾ തുടങ്ങിയവ യുവജനക്ഷേമ വകുപ്പിന്റെ എടുത്തുപറയത്തക്ക പദ്ധതികളാണ്. യുവകർമ്മസേന, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ജോബ് ഫെസ്റ്റ് എന്നിവ സർക്കാരിന്റെ 100 ദിന

പരിപാടിയിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്ന പദ്ധതികളാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കായിക രംഗത്ത് നടക്കുന്ന അഴിമതി, ക്രമക്കേട്, ധൂർത്ത്, കായിക താരങ്ങളോടുള്ള അവഗണന എന്നിവ അവസാനിപ്പിക്കുന്നതിനായി 100 ദിവസംകൊണ്ട് പല പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. കളിക്കാരുടെ സൗകര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക, കളിക്കളങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുക, ഗ്രാമങ്ങളിലെ മിടുക്കരായ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആലപ്പുഴ സ്റ്റേഡിയം നവീകരിക്കുന്ന നടപടി പൂർത്തിയാക്കും. സർക്കാരിന്റെ പണം മുടക്കി നിർമ്മിച്ചിട്ടുള്ള സ്റ്റേഡിങ്ങളിൽ സ്പോർട്സ് കൗൺസിലിലെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ എല്ലാ കായിക ഇനങ്ങൾക്കും വേണ്ടി കണ്ണൂരിൽ സ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫ്ളാറ്റുകളുടെ അസോസിയേഷനുമായി നെഗോഷിയേറ്റ് ചെയ്ത് അവിടത്തെ സ്വിമ്മിംഗ് പൂളുകൾ ഗവൺമെന്റ് നൽകുന്ന ഐഡന്റിറ്റി കാർഡുള്ള എല്ലാ കുട്ടികൾക്കും പരിശീലനത്തിനായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കായിക രംഗത്ത് മികവ് തെളിയിച്ച കുട്ടികൾക്കും ഏറ്റവും കൂടുതൽ സ്പോർട്സ് സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുള്ള നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാർക്കും മുൻ സർക്കാർ നൽകുമെന്ന് പ്രഖ്യാപിച്ച പാരിതോഷികങ്ങൾ നൽകുന്നതിന് 4 കോടി 38 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്.

അത് സാമ്പത്തിക ലഭ്യതയനുസരിച്ച് നൽകുന്നതാണ്. പണത്തിന്റെ ലഭ്യത അനുസരിച്ച് പാലക്കാട്ടെ ഇൻഡോർ സ്റ്റേഡിയം പൂർത്തീകരിക്കും. പണി പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾക്ക് മുൻഗണന കൊടുക്കും. പിരപ്പൻകോട് നീന്തൽക്കുളം പ്രവർത്തനമാരംഭിക്കാൻ കഴിയാത്തതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. നേവിയിൽനിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ സൊസൈറ്റിയുമായി ചേർന്ന് കോട്ടയത്ത് വിദ്യാർത്ഥികളെ നീന്തൽ പഠിപ്പിക്കുന്നതിനും വെള്ളത്തിൽ വീഴുന്നവരെ രക്ഷിക്കുന്നതിനുള്ള ട്രെയിനിംഗ് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്പോർട്ട്സ് ക്വാട്ട നിയമനത്തിൽ കർശനമായ നിയന്ത്രണം കൊണ്ടുവരികയും മെഡലുകൾ നേടിയവർക്ക് ജോലി നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്യും. കേരളത്തിൽ ഒരു ജില്ലയിലെ രണ്ട് ഗ്രാമങ്ങളിൽ ഇന്റർനാഷണൽ സ്റ്റാർഡേർഡിലുള്ള മൾട്ടി പർപ്പസ് സിന്തറ്റിക് സ്റ്റേഡിയം നിർമ്മിച്ച് വോളി ബാൾ, ബാസ്ക്കറ്റ് ബാൾ, ടെന്നീസ് തുടങ്ങിയ 10 പ്രധാനപ്പെട്ട ഗെയിമുകളിൽ കുട്ടികൾക്ക് പരിശീലനം കൊടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി കൺസൾട്ടന്റ്സിനെ സുതാര്യമായ നിലയിൽ എംപാനൽ ചെയ്യുകയാണ്. കായികരംഗത്തുള്ളവരുടെ അലവൻസുകൾ ഇരട്ടിയാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ നിറുത്തലാക്കും. കോതമംഗലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കും. സിനിമാരംഗത്ത് വ്യാജ സി.ഡി.തടയുന്നതിന് ഒരു ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ ആന്റിപൈറസി സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. തിയേറ്ററുകളിൽ സ്ത്രീകളെ ശല്യം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും സ്ഥലം ലീസിന് ലഭ്യമാക്കുകയാണെങ്കിൽ

കെ.എസ്.എഫ്.ഡി.സി.യുടെ ആഭിമുഖ്യത്തിൽ അവിടെ സോളാർ സംവിധാനം അടക്കമുള്ള ഗ്രീൻ തിയേറ്റർ സ്ഥാപിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ആദരണീയനായ തകഴിയുടെ പത്നി കാത്തയുടെ ശവസംസ്ക്കാര ചടങ്ങുകൾക്ക് ചെലവായ തുക സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുണ്ട്. സി. കേശവൻ സ്മാരകത്തിനുവേണ്ടി 10 ലക്ഷം രൂപ ഈ സർക്കാർ അനുവദിച്ചു. സിനിമയ്ക്ക് കിട്ടുന്ന പ്രോൽസാഹനം നാടകത്തിനോ മറ്റ് അനുബന്ധകലകൾക്കോ കിട്ടാത്തതിനാൽ സംഗീത നാടക അക്കാദമി മുൻകൈ എടുത്ത് കേരളത്തിലെ പ്രൊഫഷണൽ നാടക ഗ്രൂപ്പിനുവേണ്ടി സമഗ്രമായ ഇൻഷ്വറൻസ് പദ്ധതിയും മെഡിക്ലെയിമും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 2007-ലാണ് എൻ.ബി.ടി.-യിൽ നിന്ന് റൂബിൻ ഡിക്രൂസിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് കൊല്ലത്തേക്ക് നിയമിച്ചത്. 2010-ൽ മൂന്ന് വർഷം പൂർത്തിയായെങ്കിലും രണ്ട് വർഷത്തേക്ക് കൂടി എൽ.ഡി.എഫ്. ഗവൺമെന്റ് എക്സ്റ്റൻഷൻ കൊടുത്തത് എൻ.ബി.ടി. അംഗീകരിക്കാതെ തിരിച്ച് ജോയിൻ ചെയ്യാൻ ആവശ്യപ്പെടുകയായിരുന്നു. 30-04-2010 -ൽ അദ്ദേഹം ഉന്നയിച്ച വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് സ്ഥിരപ്പെടുത്താൻ മുൻഗവൺമെന്റ് തീരുമാനിച്ചു.

(ഓഫീസേഴ്സ് ഗ്യാലറിയിലിരുന്ന ഒരു ഉദ്യോഗസ്ഥൻ അംഗവിക്ഷേപവും കമന്റും നടത്തിയെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് സമീപം വന്ന് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ഉച്ചയ്ക്കുശേഷം 3.20-ന് സഭ താൽക്കാലികമായി നിറുത്തിവയ്ക്കുകയും 4.00 മണിക്ക് വീണ്ടും ആരംഭിക്കുകയും ചെയ്തു.)

മി. സ്പീക്കർ: സഭ നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തുമുള്ള അംഗങ്ങളുടെ സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പാർട്ടി നേതാക്കൻമാർ തങ്ങളുടെ അംഗങ്ങളോട് നിർബന്ധമായും സഭയ്ക്കുള്ളിൽ അത്യാവശ്യം പാലിക്കേണ്ട നടപടിക്രമങ്ങൾ ഓർമ്മിപ്പിക്കണം. പ്രതിപക്ഷ ത്തിന്റെ എല്ലാ അവകാശങ്ങളും സംരക്ഷിക്കാൻ ചെയർ ബാധ്യസ്ഥനാണ്. കഴിവിന്റെ പരമാവധി ചെയർ അത് ശ്രദ്ധിക്കുന്നുണ്ടെന്നാണ് വിശ്വസിക്കു ന്നത്; പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാട്ടാം. സഭ നടത്തിക്കൊണ്ടു പോകാൻ ഭരണകക്ഷി അംഗങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. ചർച്ചകൾക്കിട യിൽ നിർദ്ദേശങ്ങളോ അഭിപ്രായ വ്യത്യാസങ്ങളോ വരുന്നത് സ്വാഭാവി കമാണ്. ചെയറിന്റെ മറുപടി സ്വീകാര്യമല്ലെങ്കിൽ അടുത്ത നിമിഷം പുറകിലത്തെ ബഞ്ചിലുള്ളവർ ഓടിവന്ന് കൂട്ടംകൂടി നിന്ന് ചെയറിനെ നോക്കി ആക്രോശിക്കുകയും എന്തുചെയ്യണമെന്ന് നിർദ്ദേശിക്കുകയും ഒച്ച വയ്ക്കുകയുമാണ്. ഇതെല്ലാം ഒരു സെക്കന്റ് കൊണ്ടാണ് നടക്കുന്നത്. ഭരണ പക്ഷത്തുനിന്നും മോശപ്പെട്ട ഭാഷയിൽ സംസാരിക്കുകയാണ്. അത്യപൂർവ്വമായി മാത്രമേ സഭയിൽ ഇങ്ങനെ നടന്നിട്ടുള്ളൂ. ഇത് ജനാധിപ ത്യത്തിനും അംഗങ്ങൾക്കും അപമാനകരമാണ്. ഇത് അനുവദിക്കാൻ സാധ്യമല്ല. സഭ നടത്തിക്കൊണ്ടുപോകുന്നതിലും പ്രതിപക്ഷത്തിന്റെയും മറ്റ് അംഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിലും ഒരു പരിധിവിട്ട് പ്രവർത്തിക്കാൻ ചെയറിന് സാധ്യമല്ല; മുഖം നോക്കാതെ കർശനനടപടി എടുക്കേണ്ടിവരും. പാർട്ടി നേതാക്കൻമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഒന്നു കൂടി അഭ്യർത്ഥിക്കുകയാണ്. ഗ്യാലറിയിൽ നിന്ന് അങ്ങനെ ഉണ്ടായെങ്കിൽ അത് തെറ്റാണ്, ചെയർ അത് പരിശോധിക്കാമെന്ന് പരാമർശ വിഷയം വന്ന പ്പോൾതന്നെ പറഞ്ഞു. ഇതിന് ചട്ടങ്ങളും റൂളുമൊക്കെയുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചെയർ പറഞ്ഞത് കാര്യമായി പരിഗണിക്കാം. ബഹുമാനപ്പെട്ട ചെയർ ഈ പ്രശ്നത്തെക്കുറിച്ച് അന്വേഷിച്ച് അവരുടെ പേരിൽ യുക്തമായ നടപടിയെടുക്കണം. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനും നടപടിയുണ്ടാകണം.

മി. സ്പീക്കർ: ഗ്യാലറിയിൽ വരുന്നവർ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുമാണ്. ഇവിടെ പറഞ്ഞ രീതി യിൽ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കുകയും ശിക്ഷാർഹമാണെങ്കിൽ നടപടിയെടുക്കുകയും ചെയ്യും.

ശ്രീ. കെ.സി. ജോസഫ് (തുടർച്ച): ബാലസാഹിത്യ ഇൻസ്റ്റി റ്റ്യൂട്ടുപോലുള്ള സ്ഥാപനങ്ങളിൽ ഭരണമാറ്റമുണ്ടാകുന്നതനുസരിച്ച് ആളുകൾ മാറാറുണ്ട്. 2011 ഫെബ്രുവരിയിലെ ക്യാബിനറ്റ് തീരുമാന പ്രകാരം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ റൂബിൻ ഡിക്രൂസിന് സ്ഥിരം നിയമനം നൽകിയത് ചട്ടവിരുദ്ധമാണ്. ഒരു കാരണവശാലും അദ്ദേഹത്തെ തുടരാൻ അനുവദിക്കില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫ്. ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനെ പാർട്ടി ഓഫീസാക്കി മാറ്റിയിരുന്നു. ഒരു സർക്കാർ സ്ഥാപനം പാർട്ടി ഓഫീസാക്കി മാറ്റാൻ ഈ ഗവൺമെന്റ് അനുവ ദിക്കില്ല. സാംസ്കാരികരംഗത്ത് രാഷ്ട്രീയവൽക്കരണം പൂർണ്ണമായി ഒഴിവാക്കും. യു.ഡി.എഫ്. ഗവൺമെന്റ് രാഷ്ട്രീയം നോക്കാതെയാണ് സ്ഥാപന മേധാവികളെ നിയമിച്ചത്. കേരളത്തിന്റെ പൊതുവായ സാംസ്കാരിക തനിമ നിലനിർത്താനുള്ള ഗവൺമെന്റിന്റെ പരിശ്രമങ്ങൾക്ക് എല്ലാവരുടെയും സഹായം ആവശ്യമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തര ണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ഇവിടെ നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ നല്ലതും വിമർശനാത്മകവുമായ നിർദ്ദശങ്ങൾ നൽകിയവരോട് നന്ദി രേഖപ്പെടുത്തുന്നു. മലബാറിലെ നാഷണൽ ഹൈവേ സഞ്ചാരയോഗ്യമാക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ വർഷം തെരഞ്ഞെടുപ്പ് ഗൈഡ്‌ലൈൻമൂലം മഴക്കാല ജോലികൾ നടന്നിട്ടില്ല. കുറേ വർഷങ്ങളായി റോഡുകളുടെ വർക്കുകൾ അറേഞ്ചു ചെയ്യുകയും നടക്കാത്ത സ്ഥിതിയുണ്ടാകുകയുമാണ് ചെയ്യുന്നത്. സംസ്ഥാന ഫണ്ട് ചെലവഴിച്ച് ഈ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നവംബർ 30-ന് മുൻപ് പാച്ച് വർക്കുകളും മാർച്ച് 31-നകം ഹെവി മെയിന്റനൻസും തീർക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സെക്ഷൻ മുതൽ മന്ത്രിതലം വരെ ആറ് തലങ്ങളിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തി ഡെയിലി മോണിറ്ററിംഗ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പി.ഡബ്ല്യു.ഡി. ജോലികൾ പരിശോധിക്കുന്നതിന് ഇൻസ്പെക്ഷൻ വിംഗിനെ നിയോഗിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേകളിൽനിന്നും മേജർ ഡിസ്ട്രിക്ട് റോഡുകളിൽ നിന്നും സെലക്ട് ചെയ്യുന്ന ആയിരം കിലോമീറ്റർ റോഡ് അന്തർദേശീയ നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള 5,100 കോടി രൂപയുടെ പദ്ധതിക്കായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുകയും ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളാ റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം നഗരങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ഹിൽ ഹൈവേ പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം

പാലക്കാട് മുതൽ തിരുവനന്തപുരത്ത് കടുക്കറ വരെ വരുന്ന ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടു ണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ എം.എൽ.എ.മാരുടെ യോഗം അടുത്തുതന്നെ വിളിച്ചുചേർത്ത് പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്. കോഴിക്കോട് നഗരത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്ന തിന് പി.പി.പി. മോഡലിൽ മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാ നിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടു ണ്ട്. കളമശ്ശേരിയിൽ നിന്ന് ആരംഭിച്ച് പമ്പയിൽ അവസാനിക്കുന്ന ശബരിമല സ്റ്റേറ്റ് ഹൈവേ നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുകയും പ്രാരംഭ ചെലവുകൾക്കുള്ള തുക ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രീൻ ബിൽഡിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനും വികസന പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇ-ടെണ്ടറിംഗ് നടപ്പാക്കാനും ഉദ്ദേശിക്കുന്നു. റോഡ് നിർമ്മാണ പ്രവർത്തനങ്ങ ളുമായി ബന്ധപ്പെട്ട് ഐ.സി.2011 എന്ന പേരിൽ ഇന്ത്യയ്ക്കകത്തും പുറത്തു മുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് നവംബർ 16, 17, 18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എൻ.എച്ച്. 47, എൻ.എച്ച്. 17 എന്നിവയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : മന്ത്രിസഭ തയ്യാറാക്കിയ നൂറ് ദിന കർമ്മപരിപാടികൾ വിജയകരമായി പൂർത്തിയാക്കിയ തിന്റെ അടിസ്ഥാനത്തിലാണ് പത്രങ്ങളിൽ അതുസംബന്ധിച്ച പരസ്യങ്ങൾ

നൽകിയത്. കെ.ഇ.ആർ. പരിഷ്ക്കരിക്കാത്തതിനാൽ അറബി പഠനത്തിന് ബുദ്ധിമുട്ടുകളൊന്നും അനുഭവപ്പെടുന്നില്ല. നിലവിലുള്ള കോളേജുക ളിൽനിന്ന് മാറി മറ്റ് കോളേജുകളിലേക്ക് അഡ്മിഷൻ കിട്ടി പോകുമ്പോൾ പണം തിരിച്ച് കൊടുക്കേണ്ട എന്നുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ വ്യവസ്ഥയാണ്. പുതിയ വിദ്യാഭ്യാസ പാക്കേജ് ഉണ്ടാക്കി പത്ത്- പതിനഞ്ച് വർഷങ്ങളായി ശമ്പളമോ അംഗീകാരമോ ഇല്ലാതെ ജോലി ചെയ്ത അദ്ധ്യാപ കരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ വികലമായ പരിഷ്ക്കാരങ്ങളുടെ ഫലമായിട്ടാണ് ഓരോ വർഷവും പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞുവ രുന്നത്. പാഠപുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യാനും പരീക്ഷാ സമ്പ്രദായം തിരികെ കൊണ്ടുവരാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടുകൂടിയാണ് സി.ബി.എസ്.ഇ. സ്ക്കൂളു കൾക്ക് ഈ ഗവൺമെന്റ് എൻ.ഒ.സി. കൊടുത്തിട്ടുള്ളത്. മലയാളം ഒന്നാംഭാഷയാക്കുകയും മലയാളഭാഷയ്ക്കുവേണ്ടി ഒരു യൂണിവേഴ്സിറ്റി തുടങ്ങുകയും ചെയ്തു. ഹയർസെക്കണ്ടറിയിൽ സീറ്റുകളുടെ പോരായ്മ യുള്ള ജില്ലകളിൽ 550 ബാച്ചുകൾ കൊടുക്കുകയും ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും സാക്ഷരതാ പ്രേരക്മാർക്കും പാചക തൊഴിലാളികൾക്കും അലവൻസ് കൂട്ടിക്കൊടുക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് അടച്ചു പൂട്ടാൻ തീരുമാനിച്ച 238 സ്കൂളുകൾ തുറന്നുപ്രവർത്തിപ്പിക്കുവാനും ഏരിയ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപ കർക്ക് ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടേതിന് തുല്യമായ ആനുകൂല്യം നല്കാനും തീരുമാനിച്ചു. അന്ധവിദ്യാലയങ്ങളിലെ കുട്ടി

കൾക്ക് ബ്രെയ്‌ലി റൈറ്റർ നല്കുന്നതിനും സ്കൂളുകളിൽ ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ നല്കുന്നതിനും എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് യൂണിഫോം നല്കുന്നതിനും ഐ.ടി. പഠനം ഒന്നാം ക്ലാസ് മുതൽ നടപ്പാക്കുന്നതിനും തീരുമാനിച്ചു. കണ്ണുകാണാത്ത അദ്ധ്യാപകർക്ക് കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക സോഫ്ട്‌വെയർ ഉണ്ടാക്കുകയും കുട്ടികൾക്കുള്ള ആനിമേഷൻ പരിശീലനം നാല് ദിവസംകൊണ്ട് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിൽ പുതിയ മേഖലാ/ജില്ലാതല ഓഫീസുകൾ തുടങ്ങുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വയനാട്, കാസർകോട്, കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പാലക്കാട് ഐ.ഐ.ടി. തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. എൽ.ബി.എസ്.ന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ആരംഭിക്കുന്നതിന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. C-APT-ന്റെ നേതൃത്വത്തിൽ കോഴിക്കോട് മേഖലാ കേന്ദ്രവും ഡിസ്റ്റന്റ് എഡ്യുക്കേഷന്റെ ഭാഗമായി പൊന്നാനിയിലും കോഴിക്കോടും സിവിൽ സർവ്വീസ് അക്കാദമിയുടെ മേഖലാ കേന്ദ്രങ്ങളും തുടങ്ങും. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ആസ്ഥാനമായി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതാണ്. ഉന്നതപഠന രംഗത്ത് കേരളത്തിന്റെ സാധ്യതകൾ ലോകത്തെ അറിയിക്കുന്നതിനും കേരളത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലെ പഠനാവസരങ്ങൾ മനസ്സിലാക്കുന്നതിനുമായി 2012-ൽ ഗ്ലോബൽ എഡ്യുക്കേഷൻ മീറ്റ് സംസ്ഥാനത്ത് നടത്താൻ പോകുകയാണ്. പൊതുവി

ദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുവാനും സംസ്ഥാനത്തെ കുട്ടികൾ വിദ്യാഭ്യാസത്തിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി ഒഴിവാക്കാനുമുള്ള ശ്രമകരമായ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയും 67-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.52-ന് പിരിഞ്ഞു.

@@@@@@@